# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2227 — 18.07.2016 -ൽ മറുപടിക്ക്

## ചാവക്കാട്-മുല്ലശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പുതിയതായി മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) സർക്കാർ വകുപ്പുകളുടെ ഓഫീസുകൾ ശോച്യാവസ്ഥയിലുള്ള കെട്ടിടത്തിലോ വാടക കെട്ടിടത്തിലോ പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് പ്രസ്തുത ഓഫീസുകളെ ഒരു കുടക്കീഴിലാക്കുന്നതിനായി മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. |
| (ബി) മണലൂർ മണ്ഡലത്തിൽ ചാവക്കാട് താലൂക്കിൽ മുല്ലശ്ശേരിയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി എടുക്കുമോ? | (ബി) മണലൂർ മണ്ഡലത്തിൽ ചാവക്കാട് താലൂക്കിൽ മുല്ലശ്ശേരിയിൽ സർക്കാർ വകുപ്പുകളുടെ ഓഫീസുകൾ വളരെ കുറച്ച് മാത്രമേ ഉള്ളൂ. അവയിൽ ഭൂരിഭാഗവും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത സാഹചര്യത്തിൽ മുല്ലശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ